E-mail: catholicos@mosc.in
officeofthecatholicos@mosc.in

TELEPHONE: 0481-2574323, 2578500
Website: www.mosc.in

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 004
KERALA, INDIA

**No. MOSC/CMM/87/2022** **March 07, 2022**

കർത്താവിൽ നമ്മുടെ കോലഞ്ചേരി അസ്സോസിയേഷന്റെ എല്ലാ കോർ-കമ്മറ്റി അംഗങ്ങൾക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2022 ഫെബ്രുവരി മാസം 25-ാം തീയതി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി അങ്കണത്തിലെ ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ അനുഗ്രഹീതമായി ചേരുവാൻ സർവ്വശക്തൻ കൃപ ചെയ്തു. കോവിഡ് പ്രതിസന്ധികളുടെയിടയിൽ യോഗം ചേരുന്നത് ആശങ്കയിലായിരുന്നുവെങ്കിലും നമ്മുടെ കോർ-കമ്മറ്റി അംഗങ്ങളായ നിങ്ങളുടെ ഏവരുടെയും നിസ്തുലമായ പ്രവർത്തന മികവിന്റെ സഹായത്താലാണ് യോഗനടപടികൾ അനുഗ്രഹീതമായി പൂർത്തീകരിക്കുവാൻ സാധ്യമായത്. അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്താമാർക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും അസ്സോസിയേഷന്റെ പ്രധാന വേദിയിൽ നിന്നും, ലോകമെമ്പാടുമുള്ള നമ്മുടെ അസ്സോസിയേഷൻ അംഗങ്ങൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗിലൂടെയും യോഗത്തിൽ പങ്കുചേരുവാൻ സാധ്യമായത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെ നിമിഷങ്ങളായിരുന്നു. ആദ്യമായി ഒരു അസ്സോസിയേഷൻ യോഗത്തിൽ ഓൺലൈൻ വോട്ടിംഗ് ക്രമീകരിക്കുകയും, ആയത് പരിപൂർണ്ണമായ വിജയത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നത് സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടും. പരിശുദ്ധ സഭയുടെ ആവശ്യത്തിന് അനുസൃതമായും, നമ്മുടെ ആഗ്രഹമനുസരിച്ചും ഏഴ് മെത്രാപ്പോലീത്താമാരെ അസ്സോസിയേഷനിൽ നിന്നും തെരഞ്ഞെടുക്കുവാൻ പരിശുദ്ധാത്മാവിന്റെ കൃപ നമ്മോടു കൂടെയുണ്ടായി എന്നതിൽ ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാകുകയില്ല.

അസ്സോസിയേഷൻ നടത്തിപ്പിന്റെ ക്രമീകരണങ്ങളിൽ ഓൺലൈൻ കോർ-കമ്മറ്റി കൈക്കൊണ്ട എല്ലാ നേതൃപരമായ പ്രവർത്തനങ്ങൾക്കും സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങളെയെല്ലാവരേയും നാം ഹൃദയപൂർവ്വം അനുമോദിക്കുന്നു. അസ്സോസിയേഷൻ യോഗത്തിലും വോട്ടിംഗിലും ഓൺലൈനായി പങ്കെടുത്ത എല്ലാവരും പരിപൂർണ സംതൃപ്തി രേഖപ്പെടുത്തി എന്നത് നിങ്ങളുടെ പരിശ്രമങ്ങളുടെയും സമർപ്പണത്തിന്റെയും ഫലമായിട്ടാണെന്നാണ് നാം കരുതുന്നത്. നിങ്ങളുടെ ത്യാഗപൂർണ്ണമായ സേവനങ്ങൾ മലങ്കര സഭയ്ക്ക് മറക്കുവാൻ സാധിക്കുകയില്ല എന്നത് പ്രത്യേകം നാം നിങ്ങളെ അറിയിക്കുന്നു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ചീഫ് റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസേഴ്സ്, കമ്മറ്റി അംഗങ്ങൾ എന്നിവരെ മുക്തകണ്ഠം നാം പ്രശംസിക്കുന്നു. അസ്സോസിയേഷന്റെ മറ്റു ക്രമീകരണങ്ങൾക്കായി പ്രവർത്തിച്ച അക്കോമഡേഷൻ & റിസപ്ഷൻ, ഫുഡ്, ലൈറ്റ് & സൗണ്ട്, സ്റ്റേജ്, പബ്ലിസിറ്റി & മീഡിയ, മെഡിക്കൽ, ഫയർ & സെക്യൂരിറ്റി, പോലീസ്, ഡെക്കറേഷൻ, ഗായകസംഘം, പാർക്കിംഗ്, വോളന്റിയേഴ്സ് എന്നീ വിഭാഗത്തിലുള്ള കൺവീനർമാരുടെയും, കമ്മറ്റി അംഗങ്ങളുടെയും സേവനവും നിസ്തുലമായിരുന്നു. ദൈവം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ!



**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**